श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**അക്കാദമിക് സി വിഭാഗം**

02021 / ACDC2 / SSUS / 2023 (1) തീയതി,കാലടി 16.06.2024

<u>പരിപത്രം</u>

വിഷയം:- FYUGP പ്രവേശനത്തിനുള്ള പുതുക്കിയ പ്രവേശന ഷെഡ്യൂൾ -സംബന്ധിച്ച്:-

സൂചന: 18.05.2024 -ലെ 01746/ എ.സി.ഡി.സി 2/എസ്.എസ്.യു.എസ്./ 2024 നമ്പർ വിജ്ഞാപനം

2024 -2025 അധ്യയന വർഷത്തെ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനുള്ള സമയക്രമപ്പട്ടിക ചുവടെ പറയും പ്രകാരം അംഗീകരിച്ച് ബഹു: വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| **ക്രമ നമ്പർ** | **ഇനം** | **തീയതി** |
|---|---|---|
| 1 | വിജ്ഞാപന തീയതി | 18.05.2024 |
| 2 | ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി | 12.06.2024 |
| 3 | സംഗീതം, നൃത്തം വിഭാഗങ്ങളിലെ അഭിരുചി പരീക്ഷ | |
| **പ്രോഗ്രാം** | **അഭിരുചി പരീക്ഷ നടക്കുന്ന രീതി, സ്ഥലം** | **തീയതി** |
| സംഗീതം | ഓഫ്‌ലൈൻ, സംഗീത വിഭാഗം,കാലടി | 13.06.2024, 14.06.2024 & 15.06.2024 |
| മോഹിനിയാട്ടം | ഓഫ്‌ലൈൻ, നൃത്ത വിഭാഗം,കാലടി | 13.06.2024&14.06.2024 |
| ഭരതനാട്യം | ഓഫ്‌ലൈൻ, നൃത്ത വിഭാഗം,കാലടി | 18.06.2024&19.06.2024 |
| 4 | റാങ്ക് ലിസ്റ്റ് & ട്രയൽ അലോട്ട്മെന്റ് | 21.06.2024 |
| 5 | ഒന്നാം അലോട്ട്മെന്റ് | 22.06.2024(05:00 P.M onwards) |
| 6 | ഒന്നാം ഘട്ടം അഡ്മിഷൻ | 24.06.2024&25.06.2024 |
| 7 | ഒന്നാം ഘട്ടം അഡ്മിഷന് ശേഷം ഒഴിവുകളുടെ റിപ്പോർട്ടിങ് | 26.06.2024 |
| 8 | രണ്ടാം അലോട്ട്മെന്റ് | 27.06.2024(05:00 PM onwards) |
| 9 | രണ്ടാം ഘട്ടം അഡ്മിഷൻ | 28.06.2024&29.06.2024 |

| | | |
|---|---|---|
| 10 | ക്ലാസുകൾ  ആരംഭിക്കുന്ന തീയതി | 01.07.2024 |
| 11 | രണ്ടാം ഘട്ട അഡ്മിഷന് ശേഷം ഒഴിവുകളുടെ റിപ്പോർട്ടിങ് | 02.07.2024 |
| 12 | മൂന്നാം അലോട്ട്മെന്റ് | 05.07.2024(05:00 PM) |
| 13 | ഈ അധ്യയന വർഷത്തെ പ്രവേശനം അവസാനിക്കുന്ന  തീയതി | 24.08.2024 |

നൃത്തം (മോഹിനിയാട്ടം, ഭരതനാട്യം), സംഗീതം എന്നിവ മുഖ്യവിഷയമായ പ്രോഗ്രാമുകൾക്ക് അഭിരുചി പരീക്ഷയുടെകൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത്. പ്രവേശനം സംബന്ധിച്ച വിശദവിവരങ്ങൾ പ്രോസ്പെക്ടസിലും www.ssus.ac.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. പ്രോഗ്രാമിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം  സർവകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

മേൽ പട്ടികപ്രകാരം വിവിധ ബിരുദപ്രോഗ്രാമുകളിലേക്കുള്ള പ്രവേശനനടപടികൾ നിലവിലെ റെഗുലേഷൻ അനുസരിച്ചും സംവരണ ചട്ടങ്ങൾ പാലിച്ചും നടത്തേണ്ടതാണ്. പ്രവേശനസമയത്ത് വിദ്യാർത്ഥി അഡ്മിഷൻ മെമ്മോയോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ വാസ്തവികത (വയസ്സ് തെളിയിക്കുന്നതിനുവേണ്ടി SSLC, ബിരുദ പ്രവേശനത്തിന് വേണ്ട +2/തത്തുല്യ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ടി സി, SC/ST/OEC വിഭാഗങ്ങളുടെ സംവരണത്തിന് വേണ്ട സമുദായ സർട്ടിഫിക്കറ്റ്, SEBC വിഭാഗങ്ങളുടെ സംവരണത്തിന് വേണ്ട നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, EWS സംവരണത്തിന് അർഹതയുള്ളവർ അത് തെളിയിക്കുന്നതിനായി  റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്, PWD/Transgender  വിഭാഗങ്ങളിൽ സംവരണത്തിന് അർഹതയുള്ളവർ അത് തെളിയിക്കുന്ന നിർദ്ദിഷ്ട മെഡിക്കൽ സർട്ടിഫിക്കറ്റ്, മറ്റു സ്പെഷ്യൽ റിസർവേഷന് അർഹതയുള്ളവർ/ NCC/NSS/SPC/Scout & Guides Certificate holders, Ex-Servicemen/Widows or Children of Jawans and Ex-servicemen തുടങ്ങി ബോണസ് മാർക്ക്/weigtage നു അർഹതയുള്ളവർ / sports quota യിൽ പ്രവേശനത്തിന് അർഹതയുള്ളവർ അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, Conduct Certificate തുടങ്ങിയവ) prospectus പ്രകാരം യഥാവിധം പരിശോധിച്ച് യോഗ്യത ഉറപ്പ് വരുത്തിയതിനുശേഷം മാത്രം നിർദ്ദിഷ്ട ഫീസ് ഈടാക്കി വിദ്യാർത്ഥിക്ക് പ്രവേശനം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവിമാരെ/ ക്യാമ്പസ് ഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു. കൂടാതെ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ABC/APAR ID ഇല്ലായെങ്കിൽ അവ എടുക്കുവാൻ വിദ്യാർത്ഥികളോട് നിർദ്ദേശിക്കേണ്ടതും പ്രസ്തുത ABC/APAR ID അഡ്മിഷൻ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്. കാലടി മുഖ്യ കേന്ദ്രത്തിൽ അതത് വകുപ്പ് മേധാവിമാരും, പ്രാദേശിക കേന്ദ്രങ്ങളിൽ ഡയറക്ടർമാരും പ്രവേശന നടപടികൾ സുഗമമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ ഫീസ് ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനുള്ള നടപടികൾ IT വിഭാഗം സ്വീകരിക്കേണ്ടതാണ്.

**ഒപ്പ്/-**
**ഡോ. സുനിത ഗോപാലകൃഷ്ണൻ**
**പ്രൊഫസർ ഇൻചാർജ് ഓഫ് രജിസ്ട്രാർ**

രജിസ്ട്രാർ

പകർപ്പ്:

1. ബന്ധപ്പെട്ട വകുപ്പുമേധാവിമാർ/പ്രാദേശിക കേന്ദ്രം ഡയറക്ടർമാർ.
2. വി.സി./പി.വി.സി/രജിസ്ട്രാർ എന്നിവരുടെ പി.എസ്.മാർ.
3. ഫിനാൻസ് ഓഫീസർ/ഡി.ആർ.(പരീക്ഷ വിഭാഗം)
4. പി.ആർ.ഓ./ഐ.ടി/ഡി.എസ്.എസ്.